I/6120517/2024

"ഭരണഭാഷ- മാതൃഭാഷ"

# കേരള സർക്കാർ

15 YEARS OF CELEBRATING THE MAHATMA

നമ്പർ.എസ്.സി.എൽ2/168/2024-പൊഭവ.

പൊതുഭരണ (എസ്.സി.എൽ) വകുപ്പ്
ഗവൺമെന്റ് സെക്രട്ടേറിയേറ്റ്
ഫോൺ : 0471 - 2518779
തിയതി: 18-03-2024

## ക്വട്ടേഷൻ നോട്ടീസ്

ഗവൺമെന്റ് സെക്രട്ടറിയേറ്റ് പൊതുഭരണ വകുപ്പിന് കീഴിലുള്ള സെക്രട്ടറിയേറ്റ് സെൻട്രൽ ലൈബ്രറിയിലേയ്ക്ക് 01/04/2024 മുതൽ 31/03/2025 വരെ ദിനപത്രങ്ങളും ആനുകാലികങ്ങളും വിതരണം ചെയ്യുന്നതിന് തിരുവനന്തപുരം നഗര പരിധിയിലുള്ള പത്ര ഏജന്റുമാരിൽ നിന്നും ഉപാധികൾക്കും നിബന്ധനകൾക്കും വിധേയമായി മുദ്ര വച്ച ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു. ക്വട്ടേഷനുകൾ "കേരള സർക്കാർ സെക്രട്ടറിയേറ്റ് സെൻട്രൽ ലൈബ്രറിയിലേയ്ക്ക് ദിനപത്രങ്ങളും ആനുകാലികങ്ങളും വിതരണം ചെയ്യുന്നതിനുള്ള ക്വട്ടേഷൻ 2024-25" എന്ന് മേലെഴുത്തോടുകൂടി **25/03/2024, വൈകിട്ട് 03.00 മണിയ്ക്ക്** മുൻപായി അഡീഷണൽ സെക്രട്ടറി, പൊതുഭരണ (എസ്.സി.എൽ. ) വകുപ്പ്, ഗവ. സെക്രട്ടറിയേറ്റ്, തിരുവനന്തപുരം - 695001 എന്ന് വിലാസത്തിൽ ലഭിക്കേണ്ടതാണ്. ലഭിക്കുന്ന ക്വട്ടേഷനുകൾ അന്നേ ദിവസം 04.00 മണിക്ക് ക്വട്ടേഷൻ സമർപ്പിച്ചവരുടേയോ അവരുടെ പ്രതിനിധികളുടേയോ സാന്നിദ്ധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതാണ്. വിതരണം ചെയ്യേണ്ട ദിനപത്രങ്ങളുടേയും ആനുകാലികങ്ങളുടേയും പട്ടിക പരിശോധിക്കുന്നതിനും, ഉപാധികൾക്കും നിബന്ധനകൾക്കും, ഇത് സംബന്ധിച്ച മറ്റ് വിവരങ്ങൾക്കും 25/03/2024-ന് മുൻപുള്ള ഏതെങ്കിലും പ്രവൃത്തി ദിവസത്തിൽ സെക്രട്ടറിയേറ്റ് സെൻട്രൽ ലൈബ്രറിയെ സമീപിക്കാവുന്നതാണ്. സമയ പരിധി കഴിഞ്ഞ് ലഭിക്കുന്ന ക്വട്ടേഷനുകൾ നിരസിക്കുന്നതാണ്.

HARI KUMAR G
ADDITIONAL SECRETARY

തിരുവനന്തപുരം.

**കേരള സർക്കാർ സെക്രട്ടറിയേറ്റ് സെൻട്രൽ ലൈബ്രറിയിലേയ്ക്ക് ദിനപത്രങ്ങളും, ആനുകാലികങ്ങളും വിതരണം ചെയ്യുന്നതിനുള്ള ക്വട്ടേഷൻ 2024-25 - നിബന്ധനകൾ**

1) ക്വട്ടേഷനുകൾ സമർപ്പിക്കുന്ന കവറുകൾ മുദ്ര വച്ചിരിക്കേണ്ടതും "അഡീഷനൽ സെക്രട്ടറി, പൊതുഭരണ (എസ്.സി.എൽ) വകുപ്പ്, ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം - 695 001" എന്ന വിലാസത്തിലേയ്ക്കുള്ളതുമായിരിക്കണം. ക്വട്ടേഷനുകൾ സമർപ്പിക്കുന്ന കവറുകൾക്ക് പുറത്ത് "കേരള സർക്കാർ സെക്രട്ടറിയേറ്റ് സെൻട്രൽ ലൈബ്രറിയിലേയ്ക്ക് ദിനപത്രങ്ങളും ആനുകാലികങ്ങളും വിതരണം ചെയ്യുന്നതിനുള്ള ക്വട്ടേഷൻ-2024-25" എന്ന് രേഖപ്പെടുത്തിയിരിക്കണം.

2) ക്വട്ടേഷനുകൾ 25/03/2024, വൈകിട്ട് 3.00pm മണിയ്ക്ക് മുൻപായി പൊതുഭരണ വകുപ്പ് (എസ്.സി.എൽ) അഡീഷണൽ സെക്രട്ടറിയ്ക്ക് ലഭിക്കേണ്ടതാണ്.

3) ലഭിക്കുന്ന ക്വട്ടേഷനുകൾ അന്നേ ദിവസം 4.00pm മണിയ്ക്ക് ക്വട്ടേഷൻ സമർപ്പിച്ചവരുടേയോ അവരുടെ പ്രതിനിധികളുടേയോ സാന്നിദ്ധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതാണ്.

4) ആവശ്യപ്പെടുന്ന കമ്മീഷൻ തുക ക്വട്ടേഷനുകളിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. ഏതെങ്കിലും പ്രസിദ്ധീകരണങ്ങൾ വിതരണം ചെയ്യുവാൻ സാധിക്കുകയില്ലെങ്കിൽ പ്രസ്തുത വിവരവും ക്വട്ടേഷനിൽ രേഖപ്പെടുത്തിയിരിക്കേണ്ടതാണ്.

5) തിരഞ്ഞെടുക്കപ്പെട്ട ക്വട്ടേഷൻ സമർപ്പിക്കുന്ന വ്യക്തി താഴെപ്പറയുന്ന നിബന്ധനകൾ പാലിക്കേണ്ടതാണ്.

   i. ദിനപത്രങ്ങളും ആനുകാലികങ്ങളും വിതരണത്തിനായി തിരുവനന്തപുരം നഗരത്തിൽ ലഭ്യമായാലുടൻ ആയവ വിതരണം ചെയ്യേണ്ടതാണ്.

   ii. പ്രസിദ്ധീകരണങ്ങളുടെ വിതരണം ഉപാധികളും വ്യവസ്ഥകളും പ്രകാരം കൃത്യമായി നടത്തിയിരിക്കേണ്ടതും ആയതിൽ വീഴ്ച വരുത്തുന്ന പക്ഷം കരാർ റദ്ദാക്കുന്നതും ചിലവ് കരാറുകാരനിൽ നിന്ന് ഈടാക്കുന്നതുമാണ്.

   iii. പ്രസിദ്ധീകരണങ്ങളും ആനുകാലികങ്ങളും ഓരോ മാസവും വിതരണം ചെയ്ത ശേഷം ഉടൻ തന്നെ പ്രസ്തുത തുകയ്ക്കുള്ള ബില്ലുകൾ സമർപ്പിക്കേണ്ടതാണ്.

   iv. ദിനപത്രങ്ങളുടേയും ആനുകാലികങ്ങളുടേയും പട്ടികയിൽ നിന്ന് ഏത് ഇനവും ഒഴിവാക്കുവാനും കൂട്ടിച്ചേർക്കുവാനും സർക്കാരിന് അധികാരമുണ്ടായിരിക്കും. അപ്രകാരം സമയാ സമയങ്ങളിലെ സർക്കാർ നിർദ്ദേശമനുസരിച്ച് പ്രവർത്തിക്കുവാനും പ്രസിദ്ധീകരണങ്ങൾ വിതരണം ചെയ്യുവാനും കരാറുകാരൻ ബാദ്ധ്യസ്ഥനായിരിക്കും.

   v. ക്വട്ടേഷൻ സമർപ്പിക്കുന്ന വ്യക്തി ഒരു അംഗീകൃത ഏജന്റ്/വിതരണക്കാരനാണ് എന്ന സാക്ഷ്യ പത്രം ആവശ്യപ്പെടുന്ന പക്ഷം ഹാജരാക്കേണ്ടതാണ്.

6) ഏത് ക്വട്ടേഷനുകളും കാരണം കൂടാതെ നിരസിക്കുവാൻ സർക്കാരിന് അധികാരമുണ്ടായിരിക്കും

7) സമയപരിധി കഴിഞ്ഞ് ലഭിക്കുന്ന ക്വട്ടേഷനുകൾ നിരസിക്കുന്നതാണ്. വിതരണം ചെയ്യേണ്ട ദിനപത്രങ്ങളുടേയും ആനുകാലികങ്ങളുടെയും പട്ടിക പരിശോധിക്കുന്നതിനും ഇത് സംബന്ധിച്ച മറ്റ് വിവരങ്ങൾക്കും 25/03/2024 ന് മുൻപുള്ള ഏതെങ്കിലും പ്രവൃത്തി ദിവസത്തിൽ സെക്രട്ടറിയേറ്റ് സെൻട്രൽ ലൈബ്രറിയിൽ സമീപിക്കാവുന്നതാണ്.

**ഹരി കുമാർ ജി.**
**അഡീഷണൽ സെക്രട്ടറി**